വനാതിർത്തിയിൽ താമസിക്കുന്ന കർണ്ണാടക സർക്കാരിന്റെ കടിയിറക്ക് ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. പയ്യന്നൂർ-രാമന്തളി വില്ലേജുകളിൽ ദേവസ്വം ബോർഡ് വക നിരവധി കുടുംബങ്ങൾക്ക് പട്ടയം നൽകാത്ത പ്രശ്നങ്ങൾ ഉണ്ട്. ഈ വിഷയം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ പയ്യന്നൂർ നിയോജക മണ്ഡലത്തിൽ മിച്ചഭൂമി കയ്യേറിയതും മിച്ചഭൂമിയാണെന്നറിയാതെ വാങ്ങിയതുമായ ഏകദേശം 1050-ഓളം കൈവശക്കാരിൽ നിന്ന് ഭൂനികുതി സ്വീകരിക്കുന്നില്ല. ഈ വിഷയം സംബന്ധിച്ച് വിവിധ കോടതികളിലായി നിരവധി കേസുകളും ലാൻഡ് ബോർഡ് മുമ്പാകെ ഫോറം 6 ഹർജികളും നിലവിലുണ്ട്. കേസുകൾ തീർപ്പാക്കുന്ന മുറയ്ക്ക് അർഹത പരിശോധിച്ചതിനുശേഷം മാത്രമേ കൈവശക്കാരിൽ നിന്നും നിലവിലുള്ള നിയമപ്രകാരം ഭൂനികുതി സ്വീകരിക്കാൻ നിർവ്വാഹമുള്ളൂ. ഇവിടെ പല മേഖലകളിലും വർഷങ്ങൾകൊണ്ട് താമസിക്കുന്നവർക്ക് പട്ടയവും ഭൂമിയുടെ അവകാശവും ഉണ്ടെങ്കിലും നികുതി സ്വീകരിക്കാത്തതുൾപ്പെടെയുള്ള കാര്യങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെക്കൂടി വിളിച്ച് കൂട്ടായ ഒരു യോഗം ചേർന്ന് ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(28) ടോമോ കെയർ യൂണിറ്റ് സ്ഥാപിക്കൽ

ശ്രീ. സി. കെ. സദാശിവൻ: സർ, കായംകുളം താലൂക്കാശുപത്രിയിൽ ടോമോ കെയർ യൂണിറ്റ് സ്ഥാപിക്കണമെന്നും സർജനടക്കമുള്ള ഡോക്ടർമാരെയും മറ്റ് നഴ്സുമാരടക്കമുള്ള പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിച്ച് ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്നുമാണ് എന്റെ സബ്മിഷൻ. ദേശീയപാത 45-ന്റെയും കെ. പി. റോഡിന്റെയും സമീപത്തുള്ള കായംകുളം ആശുപത്രിയിൽ അപകടത്തിൽപ്പെട്ട് ആശുപത്രിയിലെത്തി മരിക്കുന്നവരുടെ എണ്ണം ഏറി വരികയാണ്. കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ റോഡപകടത്തിൽപ്പെട്ട് അത്യാഹിത വിഭാഗത്തിലെത്തിയത് 8162 പേരാണ്. ഇതിൽ 5000-ത്തോളം പേർക്ക് വേണ്ടത്ര ചികിത്സ നൽകാൻ കഴിയാതെ ആലപ്പുഴ മെഡിക്കൽ കോളേജ് അടക്കമുള്ള മറ്റ് ആശുപത്രികളിലേക്ക് റഫർ ചെയ്യുകയാണുണ്ടായത്. ഈ സഭാസമ്മേളനം നടക്കുമ്പോഴാണ് കായംകുളത്തെ കരിയിലകുളങ്ങരയിൽ ദേശീയപാതയിൽ വാഹനാപകടത്തിൽപ്പെട്ട് രണ്ടുകുട്ടികളടക്കം 6 പേർ മരണപ്പെടുകയുണ്ടായത്. ഇവരെ ആദ്യം എത്തിച്ചത് കായംകുളം താലൂക്കാശുപത്രിയിലാണ്. അവിടെ ഡോക്ടർമാരില്ല. ആധുനിക

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനങ്ങളില്ല. അതിനാൽ അവരെ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്ത് പോകുന്ന വഴിക്ക് 2 പേർ മരിച്ചു. അവിടെ ചെന്ന് 4 പേർ മരിച്ചു. അങ്ങനെ 6 പേരുള്ള കുടുംബം പൂർണ്ണമായി നാമാവശേഷമായി. കായംകുളം ആശുപത്രിയിൽ കുറച്ചെങ്കിലും സംവിധാനമുണ്ടായിരുന്നുവെങ്കിൽ മൂന്നാലുപേരെയെങ്കിലും രക്ഷിക്കാൻ കഴിയുമായിരുന്നു. പ്രതിദിനം 1800 മുതൽ 2000 വരെ രോഗികൾ ഒ.പി. വിഭാഗത്തിലും 250-ഓളം രോഗികൾ ഐ.പി. വിഭാഗത്തിലുമെത്തുന്നുണ്ട്. എന്നാൽ ഇപ്പോഴും 125 എന്ന ബെഡ്സ്ട്രെങ്ത്തിന്റെ അടിസ്ഥാനത്തിലാണ് ഡോക്ടർമാരും, മറ്റ് നഴ്സും, പാരാമെഡിക്കൽ സ്റ്റാഫും ഉള്ളത്. സർജന്റെ തസ്തിക സ്ഥാപിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി രണ്ടുവർഷത്തിനു മുൻപ് കോൺഫറൻസിൽ വച്ച് ഉറപ്പു നൽകിയതാണ്. അതിലുവരെ നടന്നിട്ടില്ല. ബ്ലഡ്സ്റ്റോറേജിനുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടും ഇതിന്റെ പ്രവർത്തനം നടക്കുന്നില്ല. കഴിഞ്ഞ 10 മാസത്തിനുള്ളിൽ 82 പേരിൽ നിന്ന് ശേഖരിച്ച 27 ലിറ്റർ രക്തമാണ് ഒഴുക്കിക്കളയേണ്ടി വന്നത്. കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ വക 18 പേവാർഡുകൾ ഉള്ളതിൽ 15 എണ്ണവും പൂട്ടിക്കിടക്കുകയാണ്, മാത്രവുമല്ല, വൃത്തിഹീനവുമാണ്, അത് നവീകരിക്കണം. ഡയാലിസിസ് യൂണിറ്റാരംഭിക്കണം. ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനും സർജനെ നിയമിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>): സർ, കായംകുളം താലൂക്ക് ആശുപത്രിയെ 2008-ലാണ് ഈ പദവിയിലേയ്ക്ക് ഉയർത്തിയത്. ഇവിടെ 125 കിടക്കകൾ അനുവദിച്ചിട്ടുണ്ട്. ഈ ആശുപത്രിയുടെ ശരാശരി ഒ.പി. 1700-ഉം ഐ.പി. 190-ഉം ആണ്. നിലവിൽ ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, ഇ.എൻ.റ്റി., ഗൈനക്കോളജി, ഓർത്തോപീഡിക്സ്, ഒഫ്താൽമോളജി, ദന്തൽ എന്നീ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ലഭ്യമാണ്. 17 ഡോക്ടർമാരുൾപ്പെടെ 104 തസ്തികകളാണ് ഇവിടെ അനുവദി ച്ചിട്ടുള്ളത്. കൂടാതെ എൻ.ആർ.എച്ച്.എം. മുഖേന നിയമിക്കപ്പെട്ട 4 ഡോക്ടർമാരുടെ സേവനവും ഇവിടെ ലഭ്യമാണ്. ഇവിടെ ട്രോമാകെയർ അനുവദിച്ചിട്ടില്ല. ഇവിടെ ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട കാര്യം ഇത് കാഷ്വാലിറ്റിയുള്ള താലൂക്കാശുപത്രിയാണ്. കാഷ്വാലിറ്റി ഉള്ള താലൂക്കാശുപത്രികളിൽ രാത്രിയിൽ ഒരു ഡോക്ടറുടെ സേവനം ഉണ്ടായിരിക്കും. കരിയിലക്കുളങ്ങരയിലുണ്ടായ കാറപകടത്തിൽ രണ്ടുപേരെ മരിച്ച നിലയിലും 6 പേരെ ഗുരുതരാവസ്ഥയിലുമാണ് ആശുപത്രിയിൽ കൊണ്ടുവന്നത്. ഡ്യൂട്ടി ഡോക്ടർ ഫസ്റ്റ് എയ്ഡ് നൽകി ആലപ്പുഴ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്തു. വളരെ

പെട്ടന്നുതന്നെ സമീപത്തുണ്ടായിരുന്ന രണ്ട് ഡോക്ടർമാരും അവിടെ എത്തിയിരുന്നു. പക്ഷേ അവിടെ സർജൻ ഇല്ലായിരുന്നു എന്നുള്ളത് ശരിയാണ്. ന്യൂറോസർജൻമാർ നമ്മുടെ ഹെൽത്ത് ഡിപ്പാർട്ടുമെന്റുകളിലില്ല. മെഡിക്കൽ കോളേജുകളിൽ മാത്രമേയുള്ളൂ. അവരെ അടിയന്തരമായി റഫർ ചെയ്ത് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് അയയ്ക്കുകയാണുണ്ടായത്. ആശുപത്രിയിൽ സൗകര്യങ്ങളുമുണ്ടായിരുന്നു, അടിയന്തരമായി അവിടെ ഡോക്ടർമാർ ഉണ്ടായിരുന്നു. കൂടാതെ രണ്ടു ഡോക്ടർമാർ അവിടേയ്ക്ക് എത്തിച്ചേരുകയും ചെയ്തു. എന്നാൽ വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷമായിരുന്നു. എന്തായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒരു കാര്യമുണ്ട്. അത് നാഷണൽ ഹൈവേയുടെ അടുത്താണ്, ട്രോമാകെയർ സ്ഥാപിക്കേണ്ടത് ആവശ്യമാണ്. നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ടിട്ടുള്ള ഇരുപതോളം ആശുപത്രികളിൽ ട്രോമാകെയർ സ്ഥാപിക്കുന്നതിന് ആദ്യഘട്ടമായി നമ്മൾ നടപടി സ്വീകരിച്ചു. കരുനാഗപ്പള്ളി ആശുപത്രിയിലും ആലപ്പുഴ ആശുപത്രിയിലും സ്ഥാപിക്കുകയാണ്. എന്തായാലും ട്രോമാകെയർ യൂണിറ്റ് അടുത്ത ഘട്ടത്തിൽ ഇവിടെ സ്ഥാപിക്കുന്നതിനു വേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പം ഇവിടെ പി.ജി. കഴിഞ്ഞ കുട്ടികൾ ഉണ്ട്. വളരെ പെട്ടെന്നുതന്നെ സർജനെ അവിടെ നിയമിക്കുന്നതിനു വേണ്ടി ഡി.എച്ച്.എസ്സിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഉടൻ തന്നെ അവിടെ സർജനെ നിയമിക്കുന്നതാണ്.

(29) വിഴിഞ്ഞം പി.എച്ച്.സി. താലൂക്ക് ആശുപത്രിയാക്കൽ

<u>ശ്രീമതി ജമീലാ പ്രകാശം</u>: സർ, കേരളത്തിന്റെ തെക്കൻ തീരപ്രദേശങ്ങളിൽ വർഷന്തോറും പല തരത്തിലുള്ള പകർച്ചവ്യാധികൾ പടർന്നുപിടിക്കാറുണ്ട്. പലപ്പോഴും നിരവധി പേരുടെ മരണത്തിനും അത് ഇടയാക്കാറുണ്ട്. കാലാവസ്ഥ വ്യതിയാനവും കൂടുതൽ രോഗങ്ങൾക്ക് വഴിയൊരുക്കാറുണ്ട്. ഈ വർഷവും പലതരത്തിലുള്ള പകർച്ചപ്പനികൾ പടർന്നുപിടിക്കുകയുണ്ടായി. ഈ പനിയുടേയും മറ്റും ശ്രദ്ധക്ഷാവസ്ഥയിൽ ചിലർ മരണപ്പെടുകയും ചെയ്തു. ഈയിടെ വിഴിഞ്ഞത്ത് ഡിഫ്ത്തീരിയ ബാധിച്ച് ഒരു ആറാം ക്ലാസ് വിദ്യാർത്ഥിനി മരിച്ചു. വർഷങ്ങൾക്കുമുമ്പ് നിർമ്മാർജ്ജനം ചെയ്തതായി രേഖകളിൽ കാണുന്നതാണ് ഈ രോഗം. അങ്ങനെ പാടെ നിർമ്മാർജ്ജനം ചെയ്യപ്പെട്ടു എന്നു കരുതുന്ന പല രോഗങ്ങളും മടങ്ങിവന്നുകൊണ്ടിരിക്കുന്നുവെന്നത് ആശങ്കാജനകമാണ്. വളരെയധികം ജനസാന്ദ്രതയുള്ള കേരളത്തിന്റെ തെക്കൻ തീരപ്രദേശങ്ങളിൽ പൂവാർ, പുല്ലുവിള, വിഴിഞ്ഞം എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും കോട്ടുകാൽ പ്രാഥമിക ആരോഗ്യ കേന്ദ്രവും മാത്രമാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly